s#mII ഇ.ബി. XIകേരള നിയമസഭ/IV14

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 5, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

99 (*332) സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി)ക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) നൽകിയ മറുപടിയിൽ, വനിതാ ശാക്തീകരണ പരിപാടിയുടെ ഭാഗമായി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന സ്വയംസിദ്ധ എന്ന പദ്ധതി സംസ്ഥാനത്തെ 18 ഐ.സി.ഡി.എസ്. പ്രോജക്ടുകൾ വഴി സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നേരത്തെയുണ്ടായിരുന്ന ഇന്ദിരാ മഹിളാ യോജന പദ്ധതിയാണ് സ്ത്രീ ശാക്തീകരണ പരിപാടി എന്ന പേരിൽ പുനരാവിഷ് കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ സ്കീമിനുവേണ്ടി 30 ലക്ഷം രൂപയാണ് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നത്. ആദ്യ പ്രോജക്ട് നടപ്പിലാക്കാനായി ഓരോ ബ്ലോക്കിനും 86,896 രൂപവച്ച് അനുവദിച്ചിട്ടുണ്ട്. സ്വയം സിദ്ധ പദ്ധതിയിൽ 20 അംഗങ്ങൾ വീതമുള്ള 1637 ഗ്രൂപ്പുകളുണ്ട്. വനിതാ വ്യവസായ യൂണിറ്റുകൾക്കുള്ള സഹായം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും വനിതാ വ്യവസായ യൂണിറ്റുകൾ നടത്തുന്നവർക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നകാര്യവും ഗവൺമെന്റ് ആലോചിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തുകൾ മുഖേനയാണ് വനിതാ വ്യവസായ വായ്പാ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന് വായ്പ കിട്ടുന്നത് നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നാണ്. വനിതാ വ്യവസായി കൾക്ക് ട്രെയിനിംഗ് കൊടുക്കാനായി വനിതാ സെല്ലുണ്ട്. കൂടാതെ ഡൈവേഴ്സിഫിക്കേ ഷനെക്കുറിച്ചും ആലോചിക്കുന്നതാണ്. വനിതാ വ്യവസായ ഉൽപന്നങ്ങൾ വിറ്റഴിക്കുന്ന തിനായി കണ്ണൂർ, വയനാട്, കാസർകോട് എന്നിവിടങ്ങളിൽ ജില്ലാ വിപണന കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. വനിതാ വ്യവസായ സംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് പ്രത്യേക ട്രേഡ് മാർക്ക്

കൊടുത്ത് ത്രിതല പഞ്ചായത്തുകളുടേയും സർക്കാരിന്റേയും ഷോറൂമുകളിലൂടെ വിറ്റഴിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. അഭ്യസ്ത വിദ്യരായ സ്തീകൾക്ക് ഉദ്യോഗനിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം നിയമപരമായി പരിശോധിച്ചശേഷം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു. പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിലുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷനുമായി സഹകരിച്ച് വ്യവസായ വകുപ്പിന്റെ കീഴിലുള്ള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനും സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള വനിതാ വികസന കോർപ്പറേഷനും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾക്ക് ഇതിനകം 150 ലക്ഷം രൂപ വിതരണം ചെയ്തുകഴുഞ്ഞുവെന്ന് ഒരു ഉപ ചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

100 (*333) <u>ഡ്രൈവർമാരുടെ കാഴ്ചശക്തി പരിശോധിക്കുവാൻ നടപടി</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി.ഗണേഷ്കുമാർ) നൽകിയ മറുപടിയിൽ,ബസ് ഓടിക്കുവാൻ വേണ്ടത്ര കാഴ്ചശക്തിയില്ലാത്ത ഡ്രൈവർമാരുടെ കാഴ്ചശക്തി പരിശോധിച്ച് കണ്ണട നൽകി ഡ്രൈവറായിത്തന്നെ തുടരുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാഴ്ചശക്തിക്കുറവുമൂലം ആരെയും ബസ് ഓടിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടില്ല. തീരെ കാഴ്ചയില്ലാത്തവരുണ്ടെ ങ്കിൽ അവരെ ഡ്രൈവിംഗിൽ നിന്നു മാറ്റി മറ്റു ജോലികളിൽ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്. പെൻഷൻ വാങ്ങി പോകാൻ ആഗ്രഹിക്കുന്നവർക്ക് പെൻഷൻ നൽകുന്നതിനും ഗവൺമെന്റ് തയ്യാറാണ്. കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് യൂണിറ്റ് തുടങ്ങാൻ നടപടിയായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ജീവനക്കാരുടേയും ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. അവിടെ ഒരു ആംബുലൻസും ഏർപ്പെടുത്തിയിട്ടുണ്ട്. വാഹന ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കുമ്പോൾ അംഗീകൃത ഗവൺമെന്റ് ഡോക്ടറുടെ കണ്ണു പരിശോധനാ സർട്ടിഫിക്കറ്റുംകൂടി ഹാജരാക്കണമെന്നുള്ള നിബന്ധന ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങളിൽ കൂടുതൽ പ്രകാശം നൽകുന്ന ഹെഡ് ലൈറ്റുകൾ പതിക്കുന്നത് നിയമപരമായി തെറ്റാണ്. ഇത്തരത്തിലുള്ള ലൈറ്റുകൾ റിമൂവ് ചെയ്യാൻ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനും പോലീസിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡ്രൈവർമാർക്ക് പരിശീലനം കൊടുക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി കോഴിക്കോട് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയും പാറശ്ശാലയിൽ കെ.എസ്.ആർ.ടി.സി.യും ഓരോ ഡ്രൈവിംഗ് പരിശീലന കേന്ദ്രം ആരംഭിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തേക്ക് വരുന്ന വാഹനങ്ങളിലെ ഡ്രൈവർമാർ മദ്യപിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തിയശേഷം മാത്രമേ സംസ്ഥാന അതിർത്തിക്കുള്ളിൽ കടത്തി വിടാവൂ എന്ന് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം

നൽകിയിട്ടു ണ്ടെന്നും ഇതിനാവശ്യമായ ബ്രീത്ത് അനലൈസറുകൾ വാങ്ങാൻ ഏർപ്പാടായിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

101 (*334) കൂടുതൽ സഞ്ചാര സൗകര്യം

ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജനങ്ങൾക്ക് കൂടുതൽ സഞ്ചാര സൗകര്യം ഉറപ്പാക്കാൻവേണ്ടി കെ.എസ്.ആർ.ടി.സി. നിലവിലുള്ള ടൗൺ-ടു-ടൗൺ ചെയിൻ സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും എല്ലാ ജില്ലകളിലും പ്രത്യേകിച്ച് നോട്ടിഫൈഡ് മേഖലകളിൽ ഈ സർവീസുകൾ തുടങ്ങുവാനും ഉദ്ദേശമുണ്ടെന്ന് അറിയിച്ചു. രാത്രികാല സർവീസുകൾ, ലൈറ്റ്നിംഗ് എക്സ്പ്രസ് സർവീസുകൾ മുതലായവ കൂടുതൽ സഞ്ചാര സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ആരംഭിച്ചുകഴിഞ്ഞു.. മലയോര പ്രദേശങ്ങളിൽ മിനി ബസ് സർവീസുകൾ ആരംഭിക്കാനുള്ള നടപടികളുടെ ആദ്യഘട്ടമായി പത്തു വാഹനങ്ങൾ വാങ്ങാൻ ഓർഡർ കൊടുത്തിട്ടുള്ളത് ഇന്നോ നാളെയോ ഡെലിവർ ചെയ്യും. സ്ത്രീ യാത്രക്കാരുടെ സൗകര്യത്തിനും സുരക്ഷിതത്വത്തിനുമായി പ്രധാന സ്റ്റേഷനുകളിൽ സ്ത്രീകൾക്കു മാത്രമായി ആധുനിക വെയിറ്റിംഗ് റൂമുകൾ നിർമ്മിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പുതിയ ബസുകളിൽ സ്ത്രീകൾക്കുള്ള സീറ്റ് മുൻനിരയിലായിരിക്കും. കെ.എസ്.ആർ.ടി.സി. ബസുകളുടെ സ്പെയർ പാർട്സ് ലോക്കൽ പർച്ചേസ് മുഖേന വാങ്ങിയപ്പോൾ ക്രമക്കേടും അഴിമതിയും നടന്നതായി പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീകൃതമായിട്ടാണ് വാങ്ങിക്കുന്നത്. സ്പെയർ പാർട്സിന്റെ ദൗർലഭ്യം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി സ്വകാര്യ ബസുകൾ വാടകയ്ക്കെടുത്ത് ഓടിക്കുന്നത് ലാഭകരമാണ്. ഒരു ബസ് 25 കിലോമീറ്റർ സർവീസ് നടത്തുമ്പോൾ 3000 രൂപ കെ.എസ്.ആർ.ടി.സി.ക്ക് പ്രോഫിറ്റായി കിട്ടും. കൂടാതെ റോഡ് ടാക്സ് ഇനത്തിലുള്ള വരുമാനവും കിട്ടും. ജനങ്ങളുടെ യാത്രാ സൗകര്യത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് റോഡ് ഫോർമുലേറ്റ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്. ആർ.ടി.സി. ബസ് ബ്രേക്ഡൗൺ ആയാൽ പിന്നീടു വരുന്ന ബസിൽ യാത്രക്കാരെ കയറ്റി വിടാൻ കഴിഞ്ഞില്ലെങ്കിൽ അവർക്ക് ടിക്കറ്റ് റീഫണ്ട് ചെയ്തുകൊടുക്കാനുള്ള അധികാരം കണ്ടക്ടർമാർക്കുണ്ട്. തിരുവനന്തപുരം, ആറ്റിങ്ങൽ, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിൽ മിനി ബസ് സർവീസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സെക്രട്ടേറിയറ്റിൽനിന്നും സമീപപ്രദേശ ങ്ങളിലേക്ക് ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യാൻ വേണ്ടി മിനി ബസ് സർവീസ് ആരംഭിക്കുന്ന തിനെപ്പറ്റി ആലോചിക്കുന്നതാണ്. കേരള ട്രാൻസ്പോർട്ട് ഫിനാൻഷ്യൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും ലോണെടുത്ത് ചെറുതും വലുതുമായ നൂറോളം പുതിയ ബസുകൾ വാങ്ങി താമസിയാതെതന്നെ നിരത്തിലിറക്കുന്നതാണ്. രാത്രികാലങ്ങളിൽ തിരുവനന്തപുരം സിറ്റി അടക്കമുള്ള സ്ഥലങ്ങളിൽ നിശാസർവീസുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ടൂറിസ്റ്റു കേന്ദ്രങ്ങളെയും തീർത്ഥാടന കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന ബസ് സർവീസ് ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. തൃശൂരുനിന്നും ബാംഗ്ളൂരിലേയ്ക്കുള്ള ആദ്യ സെമി സ്ലീപ്പർ സർവീസ് ഒരാഴ്ചയ്ക്കുള്ളിൽ ആരംഭിക്കുന്നതാണ്. ഡീലക്സ് ബസുകളിലും

സ്ലീപ്പർ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഷെഡ്യൂൾ ക്യാൻസലേഷൻ കഴിയുന്നിടത്തോളം കുറയ്ക്കാൻ ശ്രമിക്കുന്നതാണ്. തിരുവനന്തപുരത്തെ നാഷണലൈസ്ഡ് റൂട്ടുകളിൽ കൂടുതൽ വാഹനങ്ങൾ കൃത്യതയോടുകൂടി ഓടിക്കാനുള്ള നടപടികളെടുക്കുന്നതാണ്. നിയമം മറി കടന്നുകൊണ്ട് കൂടുതൽ യാത്രാസൗജന്യം അനുവദിക്കാൻ സാദ്ധ്യമല്ലെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

102 (*335) <u>തൊഴിൽ നയത്തിലുള്ള വ്യതിയാനം</u>

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) നൽകിയ മറുപടിയിൽ സമാധാനപരമായ തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടുക എന്നത് ഈ ഗവൺമെന്റിന്റെ നയമല്ലെന്നും എന്നാൽ തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട അക്രമങ്ങളും കുറ്റകൃത്യങ്ങളും നിയമ ലംഘനവും ഉണ്ടാകുന്നപക്ഷം നിലവിലുള്ള നിയമപ്രകാരംതന്നെ പോലീസിന് ഇടപെടാൻ കഴിയുന്നതാണെന്നും സഭയെ അറിയിച്ചു. തൊഴിലാളികൾക്ക് നിയമപരമായ എല്ലാ അവകാശ ങ്ങളും ആനുകൂല്യങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം. കരട് തൊഴിൽ നയത്തെ സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചകളിൽ തൊഴിൽ തർക്കങ്ങളിൽ പോലീസിനെ ഇടപെടുത്തുന്നത് സംബന്ധിച്ച് ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. തൊഴിൽദായകരെ മുതൽമുടക്കുന്നതിന് ആകർഷിക്കുന്നതിനായി ഒരു നിക്ഷേപസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സംസ്ഥാനത്ത് തൊഴിൽ സമാധാനമില്ലെന്ന തെറ്റായ പ്രചരണം ഇല്ലാതാക്കുന്നതിനും ഉദ്ദേശിച്ചാണ് പുതിയ തൊഴിൽ നയത്തിന് രൂപം നൽകിയിരിക്കുന്നത്. പണിമുടക്കുകളുടേയും തൊഴിൽദിന നഷ്ടങ്ങളുടേയും മറ്റും അടിസ്ഥാനത്തിൽ കണക്കാക്കിയാൽ സംസ്ഥാനത്തെ തൊഴിൽ അന്തരീക്ഷം പൊതുവെ സമാധാനപരമാണ്. തൊഴിൽ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. സ്വതന്ത്രമായി അഭിപ്രായം പറയാൻ കഴിയുന്ന വ്യക്തികളുടെ അഭിപ്രായം കേൾക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഈ സമ്മേളനം അവസാനി ക്കുന്നതിനു മുമ്പ് തൊഴിൽനയത്തിനു രൂപം നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ തൊഴിൽ സമരങ്ങൾമൂലം ഉപേക്ഷിക്കപ്പെട്ട വ്യവസായസ്ഥാപനങ്ങൾ താര തമ്യേന കുറവാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

103 (*336) <u>ആഴക്കടൽ മണൽ ഖനനം</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നിർമ്മാണപ്രവർത്തനത്തിനുതകുന്ന മണൽ നിക്ഷേപം, മണൽ ഖനനം ഇവയെക്കുറിച്ച് ഒരു സാദ്ധ്യതാ പഠനത്തിന് ബോംബെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്വകാര്യ കമ്പനി നൽകിയിട്ടുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

104 (*337) <u>ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടി സ്വകാര്യ മേഖലയിൽ സ്കൂളുകളും പരിശീലന കേന്ദ്രങ്ങളുമായി 112 സ്ഥാപനങ്ങളുണ്ടെന്ന് സഭയെ അറിയിച്ചു. ഈ സ്ഥാപനങ്ങളിലെ മന്ദബുദ്ധികളായ കുട്ടികൾക്ക് പ്രതിമാസം 75 രൂപ നിരക്കിൽ പത്തു മാസത്തേക്ക് 750 രൂപയും വാർഷിക ഡ്രസ് അലവൻസായി 100 രൂപയും റിക്വിസിറ്റ് അലവൻസായി 50 രൂപയും ഉൾപ്പെടെ പ്രതിവർഷം 900 രൂപാവീതം സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ നൽകിവരുന്നു. 17-11-2001-ൽ തുക വർദ്ധിപ്പിച്ച തിനാൽ വീണ്ടുമൊരു വർദ്ധന നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഗവൺമെന്റ് ശമ്പളം കൊടുക്കുന്നത് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്നതിനാൽ പരിശോധിച്ചു തീരുമാനിക്കുന്നതാണ്. ബുദ്ധിമാന്ദ്യം വന്ന കുട്ടികൾക്ക് ഉപരിപഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ഇത്തരം സ്കൂളുകളുടെ പ്രവർത്തനത്തിലെ അപാകതകളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടുന്നതാണ്. ഈ വിഭാഗം കുട്ടികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പി.ടി.എ. സജീവമായി പരിശ്രമിക്കുന്നുണ്ട്. അതിൽ എന്തെങ്കിലും പോരായ്മയുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ക്വാളിഫൈഡ് ടീച്ചേഴ്സിന് പരിശീലനം കൊടുക്കാൻവേണ്ടി സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

105 (*338) <u>ഫിഷറി ഹാർബർ അതോറിറ്റി</u>

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് സ്വയംഭരണാവകാശമുള്ള ഒരു ഫിഷറി ഹാർബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്ന് അറിയിച്ചു. മത്സ്യബന്ധന തുറമുഖങ്ങളുടേയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടേയും നിർമ്മാണം, നടത്തിപ്പ്, പരിപാലനം, പുനരുദ്ധാരണം, ഉപഭോക്താക്കളിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസുകളും നികുതികളും പിരിക്കുക, തുറമുഖ നിർമ്മാണവും നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ചുമതലകളാണ് അതോറിറ്റി വിഭാവന ചെയ്തിട്ടുള്ളത്.

106 (*340) <u>അരവിന്ദാക്ഷൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ</u>

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ ജില്ലാ സഹകരണ ബാങ്കുകളുടേയും പ്രാഥമിക സഹകരണ ബാങ്കുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ച അരവിന്ദാക്ഷൻ കമ്മിറ്റി സമർപ്പിച്ച 60 ശുപാർശകളിൽ ചിലത് അംഗീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ബാക്കിയുളളവ ഗവൺമെന്റിന്റെ സജീവ പരിശോധനയിലാണെന്നും അറിയിച്ചു.

107 (* 346) തെരുവു കുട്ടികളെ പുനരധിവസിപ്പിക്കൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒബ്സർവേഷൻ ഹോമുകളിലും ക്ഷേമ സ്ഥാപനങ്ങളായ മഹിളാ മന്ദിരങ്ങളിലും മറ്റ് കുട്ടികളുടെ സ്ഥാപനങ്ങളിലും തെരുവ് കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും തുടർന്ന് അവരുടെ താമസം, ഭക്ഷണം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, പുനരധിവാസം എന്നിവയ്ക്കുളള ക്രമീകരണങ്ങളും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു

108 (*350) തൊഴിൽ പരിശീലന സ്ഥാപനങ്ങളിൽ നടത്തുന്ന കോഴ്സുകൾ

തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ തൊഴിൽ പരിശീലന സ്ഥാപനങ്ങളിൽ നടത്തുന്ന കോഴ്സുകൾ നവീകരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്താതെ നിലവിലുളള ഐ.ടി.ഐ. കളിലെ തൊഴിൽ സാദ്ധ്യത കുറഞ്ഞതും എന്നാൽ കൂടുതൽ യൂണിറ്റുകൾ ഉളളതുമായ ട്രേഡുകളിലെ അധിക യൂണിറ്റുകൾ ഘട്ടംഘട്ടമായി കുറവുചെയ്യുന്നതിനും പകരം പുതിയ ട്രേഡുകൾ, ഹ്രസ്വകാല കോഴ്സുകൾ, പ്രൊഡക്ഷൻ സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിനുമുളള നടപടികൾ സ്വീകരിച്ചുവരുന്നു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

127 (2048) കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുളള ഫാക്ടറികൾ

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ 31 കശുവണ്ടി ഫാക്ടറികളും 3 ടിൻ ഫാക്ടറികളും ഒരു ടാനിൻ ഫാക്ടറിയും ഉണ്ട്.

128 (2056) വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതാ വികസന കോർപ്പറേഷൻ 31.5.2002 വരെ 1096 വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതികൾക്ക് സ്വയം തൊഴിൽ വായ്പയും

460.56 ലക്ഷം രൂപയുടെ വിദ്യാഭ്യാസ വായ്പയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 3 ലക്ഷം രൂപ വനിതാ സംഘത്തിനും വായ്പയായി നൽകിയിട്ടുണ്ട്.

129 (2059) <u>നിരീക്ഷണാലയങ്ങൾ</u>

സംസ്ഥാനത്ത് 13 നിരീക്ഷണാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

. ...